# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5553 — 04/7/2013 -ൽ മറുപടിക്ക്

## കർഷക തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) വിവിധ ആനുകൂല്യങ്ങൾ നൽകാനുള്ള വകയിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് അറിയിക്കുമോ; | (ബി) വിവിധ ആനുകൂല്യങ്ങൾ നൽകാനുള്ള വകയിൽ 160.00 കോടി രൂപ കുടിശ്ശികയുണ്ട്. |
| (സി) അതിവർഷാനുകൂല്യം മാത്രം എത്ര പേർക്ക് നൽകാനുണ്ടെന്നും അതിനാവശ്യമായ കുടിശ്ശിക തുക എത്രയാണെന്നും അറിയിക്കുമോ; | (സി) അതിവർഷാനുകൂല്യം ഇനത്തിൽ 155372 അപേക്ഷകളിലായി 147,60,34,000/- രൂപ വിതരണം ചെയ്യാൻ കുടിശ്ശികയായുണ്ട്. |
| (ഡി) കുടിശ്ശിക ആനുകൂല്യങ്ങൾ പൂർണ്ണമായും എപ്പോൾ കൊടുത്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ തൊഴിലാളികളിൽ നിന്നുള്ള അംശദായ വിഹിതവും ഭൂവുടമാ വിഹിതവുമാണ്. ഈ ഇനത്തിൽ ബോർഡിന് ലഭിക്കുന്നത് ശരാശരി 8.00 കോടി രൂപയും വിവിധ ക്ഷേമാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ടിവരുന്നത് ശരാശരി 40.00 കോടി രൂപയുമാണ്. തൊഴിലാളി അംശദായവും ഭൂവുടമാ വിഹിതവും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ആയത് പ്രാവർത്തികമാകുമ്പോൾ ബോർഡിന്റെ വരുമാനം |

JSK/

വർദ്ധിക്കുകയും ആയത് വഴി കുടിശ്ശിക ആനുകൂല്യങ്ങൾ പൂർണ്ണമായും കൊടുത്തു തീർക്കാൻ സാധിക്കുമെന്നും കരുതുന്നു.

| | | | |
|---|---|---|---|
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിന് എത്ര രൂപ അനുവദിച്ചു നൽകിയെന്ന് അറിയിക്കുമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ 61.00 ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/